# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153

St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630

April 6, 2008, Vol. 3, Issue 28

All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

## പിൽഗ്രിമേജിനു പോകാനാഗ്രഹിക്കുന്നവർ ഏപ്രിൽ 13നകം അഡ്വാൻസ് കൊടുത്തു റെജിസ്റ്റർ ചെയ്യുക.

വിശുദ്ധ നാടുകളും റോമും സന്ദർശിക്കുവാൻ പേരുകൊടുത്തവരും, ഇനിയും ചേരുവാനാഗ്രഹിക്കുന്നവരും ഏപ്രിൽ 13നകം റെജിസ്ട്രേഷൻ ഫോമും പാസ് പോർട്ടിന്റെ കോപ്പിയും അഡ്വാൻസ് തുകയും പിൽഗ്രിമേജ് കോർഡിനേറ്റേഴ്സിനെ ഏല്പിക്കണം. സീറ്റുകൾ പരിമിതവും ചേരാനാഗ്രഹിച്ചു പേരു നല്കിയവർ ഏറെയുമായതിനാൽ റെജിസ്റ്റർ ചെയ്യുവാൻ വരുന്ന മുൻഗണനാക്രമത്തിലായിരിക്കും സീറ്റുകൾ ഉറപ്പാക്കുക. പിൽഗ്രിമേജിന്റെ വിശദ വിവരങ്ങൾ അഞ്ചാം പേജിൽ. റെജിസ്ട്രേഷൻ ഫോമും സന്ദർശിക്കുന്ന സ്ഥലങ്ങളുടെ വിവരങ്ങളും ഇന്റർനെറ്റിൽ ലഭ്യമാണ്. www.knanayaregion.us



## HOLY WEEK PHOTOS





Photos above: Lighting on Holy Saturday. Easter Mass at our Parish Church.
Photos below: Easter Mass at Parish Church and of St. Mary's Unit at St. John's in Niles.





## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***

**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**
**CHILDREN: Every 2nd and 4th Friday after Holy Mass.**

## RECONCILIATION / CONFESSION

**First Saturdays from 10:00 A.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass & 4:00 P.M. at OLV.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass**

## THEOLOGY COURSE

**Third Saturday after 10:00 A.M. Mass**

April 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

# Schedule of Events

### SATURDAY, APRIL 5, 2008

Mass & Novena at 10:00 A.M.
**Confession from 10:00 A.M.**

### SUNDAY, APRIL 6, 2008

**CATHEDRAL SUNDAY. Second Collection in both churches for the Construction of Syro-Malabar Cathedral at the request of Bishop Mar Jacob Angadiath. Please contribute generously.**
Religious Education classes and Malayalam Holy Mass at 10:00 A.M.
English Mass at 11:30 A.M.

Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

### THURSDAY, APRIL 10, 2008

Holy Mass, Novena and Benediction at Community Center at 7:00 P.M.

### FRIDAY, APRIL 11, 2008

**Marriage Preparation Course starts at 6:30 P.M. to 9:30 P.M.**
Mass and **Adoration for children** at 7:00 P.M.

### SATURDAY, APRIL 12, 2008

**Marriage Preparation Course continues from 9:00 A.M. to 6:30 P.M.**
Mass & Novena at 10:00 A.M.

### SUNDAY, APRIL 13, 2008

**PRAYER DAY FOR VOCATION**
**Marriage Preparation Course continues from 10:00 A.M. to 5:00 P.M.**
Religious Education classes and Malayalam Holy Mass at 10:00 A.M.
**Annual meeting of St. Vincent de Paul Society and Senior Citizens Ministry after Mass.**
English Mass at 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M

### THURSDAY, APRIL 17, 2008

Holy Mass, Novena and Benediction at Community Center at 7:00 P.M.

### FRIDAY, APRIL 18, 2008

Mass and **Novena of St. Michael** at 7:00 P.M.

### SATURDAY, APRIL 19, 2008

Mass & Novena at 10:00 A.M.
**Theology Class after the Mass.**

### SUNDAY, APRIL 20, 2008

Religious Education classes and Malayalam Holy Mass at 10:00 A.M.
English Mass at 11:30 A.M.

Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M

### THURSDAY, APRIL 24, 2008

**Feast Day of St. George**
Holy Mass, Novena and Benediction at Community Center at 7:00 P.M.



# വികാരിയുടെ സന്ദേശം

## എൻഡോഗമിയുടെ ഭാവി നിർണ്ണയിക്കുന്നത് ആര്?

എന്റെ പ്രിയ സഹോദരങ്ങളേ,

നാട്ടിലെ ക്നാനായക്കാരേക്കാൾ അധികമായി വംശശുദ്ധി പാലിക്കണമെന്ന് അത്മാർത്ഥമായി ആഗ്രഹിക്കുന്നവരാണ് വടക്കേ അമേരിക്കയിൽ കുടിയേറിപ്പാർക്കുന്ന നമ്മൾ. അങ്ങനെയൊരു പ്രവണത ഉണ്ടായത് തീർച്ചയായും നമ്മുടെ സമുദായത്തിന്റെ ഭാവിയ്ക്കു നല്ലതുതന്നെ. വംശശുദ്ധി നിലനിർത്തണമെന്ന ബോദ്ധ്യം കാരണവന്മാർക്കുണ്ടായെങ്കിലേ അതു തലമുറകളിലേയ്ക്കു കൈമാറുവൻ കഴിയൂ. ആ ബോദ്ധ്യം നമുക്കിവിടെ ഏറെ ഉണ്ടാവുകയും അതിനായി സംഘടനാപരമായി പല പ്രവർത്തനങ്ങളും നടപ്പിലാക്കുകയും ചെയ്യുന്നെങ്കിലും അവ ഉദ്ദേശിക്കുന്ന ഫലം ചെയ്യുന്നില്ലെന്നത് വേദനിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. അതിനു പല കാരണങ്ങളുണ്ട്:

1. ക്നാനായ സമുദായം കേരളത്തിൽ മൊട്ടിട്ടു വളർന്നു വികസിച്ച കാലത്ത് ക്നാനായേതര സമുദായങ്ങളിലും മതങ്ങളിലും വംശശുദ്ധി കർശനമായി പാലിച്ചിരുന്നു. അതിനാൽ നമ്മുടെ പൂർവ്വികർ ജീവിച്ചുപോന്ന മത-സാംസ്കാരിക അന്തരീക്ഷം വംശശുദ്ധി പരിപാലിക്കുവാൻ അനുകൂലമായിരുന്നു.

2. മുൻ കാലങ്ങളിൽ ശൈശവ വിവാഹമോ, ബാല്യ-കൗമാര വിവാഹ നിശ്ചയമോ നിലവിലിരുന്നതിനാൽ സ്വവംശ വിവാഹത്തിന്റെ നിയന്ത്രണം കാരണവന്മാരുടെ കരങ്ങളിലായിരുന്നു. അതിനാൻ വംശശുദ്ധി പാലിക്കുവാൻ നിഷ്പ്രയാസം സാധിച്ചിരുന്നു.

3. പിൽക്കാലങ്ങളിൽ പ്രായപൂർത്തിയായ ശേഷമാണു വിവാഹം നടത്തിവന്നതെങ്കിലും മിക്ക വിവാഹങ്ങളും "അറേൻജ്ഡ് മാര്യേജ"സായി തുടർന്നു. യുവതീ യുവാക്കളുടെ സമ്മതം വേണമെങ്കിലും വിവാഹ നിശ്ചയത്തിന്റെ കടിഞ്ഞാൺ കാരണവന്മാർക്കായതിനാൽ വംശശുദ്ധി പാലിക്കുക ബുദ്ധിമുട്ടില്ലാതെ തുടർന്നു. സ്ത്രീധനം, പ്രേമം, ഉചിതമായ പങ്കാളിയെ കണ്ടെത്താനുള്ള ബുദ്ധിമുട്ട് എന്നിവ ക്രമേണ തലപൊക്കി തുടങ്ങി. അതിനാൽ സമുദായം മാറിയുള്ള വിവാഹങ്ങൾ ഇടക്കിടെ ഉണ്ടായി. അത് നാട്ടിൽ ഇന്നും നിലനില്ക്കുന്നു.

അമേരിക്കയിലും, ഒരു പരിധി വരെ നാട്ടിലും, സാഹചര്യം മേല്പറഞ്ഞവയിലും പ്രതികൂലമാണ്. മക്കൾ കൂടുതൽ വിദ്യാസമ്പന്നരും സ്വയം തൊഴിൽ ചെയ്തു വരുമാനമുണ്ടാക്കുന്നവരും സ്വതന്ത്ര ചിന്താഗതിക്കാരുമായി. അവർ പഠിച്ചും ജോലിചെയ്തും വളരുന്ന മത-സാംസ്കാരിക പശ്ചാത്തലം സ്വവംശ വിവാഹത്തിനു വില കല്പിക്കാത്തതും വ്യക്തി സ്വാതന്ത്ര്യത്തിന് പ്രാധാന്യം നല്കുന്നതുമായി. ഈ സാഹചര്യത്തിൽ വിവാഹാർത്ഥികൾ സ്വയം ബോദ്ധ്യം വരാതെ സ്വവംശത്തിൽ നിന്നു വിവാഹം കഴിയ്ക്കുക സാദ്ധ്യമല്ലാതായി.

നാട്ടിൽ വെച്ച് എൻഡോഗമിയെന്നു കേൾക്കാത്തവർ ഇവിടെ വന്ന് എൻഡോഗമിയ്ക്കുവേണ്ടി പടപൊരുതിയിട്ട്, അതിനുവേണ്ടി മിഷൻ ഡയറക്ടർമാരെയും മെത്രാന്മാരെയും വരെ എതിർത്തിട്ട്, സ്വന്തം മക്കൾ സമുദായം വിട്ടു വിഹാഹം ചെയ്യുമ്പോൾ പല്ലു പോയ പുലിയേപ്പോലെയാകുന്നു! സമുദായം മാറി വിവാഹം ചെയ്യുന്നവർ ആരായാലും അവരെ ക്നാനായ മിഷനിൽനിന്ന് ഇറക്കിവിടണമെന്നു വീറോടെ വാദിച്ചവർ സമുദായം വിട്ടു വിവാഹം ചെയ്ത മക്കളെയും അന്യസമുദായക്കാരായ മരുമക്കളെയും കൊച്ചുമക്കളെയും കുടുബത്തിൽനിന്നു വേർപിരിക്കാനാവാത്ത അവസ്ഥ! ക്നാനായ പാരമ്പര്യത്തിൽ പരമപ്രധാനമായ സ്വവംശ വിവാഹം അവഗണിച്ചിട്ട് അന്യ സമുദായക്കാരുടെ മുമ്പിൽ ക്നാനായ വിവാഹാചാരങ്ങൾ അവതരിപ്പിച്ച് ആശ്വാസം കണ്ടെത്തേണ്ട ഗതികേട്! സ്വർഗ്ഗത്തിലിരുന്ന് ഈ വിരോധാഭാസ പ്രകടനം കാണുന്ന നമ്മുടെ പൂർവ്വികർ എന്താവും ചിന്തിക്കുക!

എൻഡോഗമിയുടെ ചില പടത്തലവന്മാർ അന്യ സമുദായത്തിൽനിന്നു സ്വന്തം മക്കൾ വിവാഹം കഴിക്കുമ്പോൾ അവരെ കുടുംബസമേതം ക്നാനായ മിഷനിൽ തുടരുവാൻ അനുവദിക്കണമെന്ന് സഭാധികാരികളോട് അഭ്യർത്ഥിക്കുവാൻ തുടങ്ങിയിരിക്കുന്നുവെന്നത് മറ്റൊരു വിരോധാഭാസം! അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്നതുപോലെ മക്കളുടെ അടുത്ത് എൻഡോഗമിക്കാര്യത്തിൽ തോല്ക്കുമ്പോൾ വീണ്ടും മിഷൻ ഡയറക്ടർമാരോടും മെത്രാന്മാരോടും എൻഡോമിക്കെതിരായി എന്തിനു യുദ്ധത്തിനു വരുന്നു?

സ്വവംശ വിവാഹത്തിൽ മക്കൾക്കു താല്പര്യമില്ലെങ്കിൽ അവരെ പഴിച്ചിട്ടു കാര്യമില്ല. അധികമായാൽ അമൃതും വിഷമാണെന്നതുപോലെ എൻഡോഗമി മാത്രം അമിതമായി വിളമ്പി സഭാ-സാമുദായിക സന്തുലിതാവസ്ഥ തകർത്തതിന്റെ ഫലമാണ് നാമിന്ന് അനുഭവിക്കുന്നത്. അതിനൊരു മനം മാറ്റം ഇന്ന് ദേശീയതലത്തിൽ ഉണ്ടാകുന്നതിനു മുഖ്യകാരണം, സാമുദായിക പരിപോഷണം വരും തലമുറകളിലേയ്ക്കു കൈമാറേണ്ടതിന്റെ ഉദാത്ത മാതൃകയായി മേവുഡിലെ ക്നാനായ പള്ളി മാറിയതാണ്. അവിടുത്തെ കുട്ടികളുടെയും, മതാദ്ധ്യാപകരായ യുവതീയുവാക്കളുടെയും, സന്തുഷ്ടരായ മാതാപിതാക്കളുടെയും അനുഭവ സാക്ഷ്യം ഇന്നു ലോകമാസകലം പ്രസരിക്കുന്നുണ്ട്.

മേവുഡ് പള്ളിപോലെ അമേരിക്ക മുഴുവൻ നിരവധി ക്നാനായ പള്ളികൾ എത്രയും വേഗം തീർത്ത്, സാമുദായിക അച്ചടക്കത്തിലേയ്ക്കും വിശ്വാസാധിഷ്ഠിത സാമുദായിക പരിപോഷണത്തിലേയ്ക്കും വന്നാൽ ഇടക്കാലത്തു നഷ്ടപ്പെട്ട തലമുറകളെ വീണ്ടെടുക്കാനായില്ലെങ്കിലും ഇനിയുള്ള തലമുറകളെയെങ്കിലും സമുദായത്തിൽ പിടിച്ചു നിർത്തുവാൻ സാധിച്ചേക്കും.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

### നുറുങ്ങുവെട്ടം

**എൻഡോഗമിയ്ക്കുവേണ്ടി ആരോടും പടവെട്ടിയിട്ട് നാമൊന്നും നേടില്ല. അതു നിലനിർത്തേണ്ട മക്കൾക്ക് സമീകൃത പോഷണമുള്ള ക്നാനായ പള്ളികൾ നാം തീർക്കണം.**



# സ്വന്തം പള്ളിയിലെ വിശുദ്ധ വാരാചരണം
# നമ്മുടെയും കുഞ്ഞുങ്ങളുടെയും മഹാഭാഗ്യം



ജെസ്സിൻ കട്ടപ്പുറം

ആണ്ടുവട്ടത്തിൽ ക്രൈസ്തവരുടെ വിശ്വാസജീവിതത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന സമയമാണല്ലോ "വലിയ ആഴ്ച." സ്വന്തം ഇടവക ദൈവാലയത്തിൽ ഓശാനയും, പെസഹായും, ദു:ഖവെള്ളിയും, ഉയിർപ്പു തിരുനാളും ആഘോഷിക്കുവാൻ ആഗ്രഹിക്കാത്തവർ ഈ പ്രവാസി നാട്ടിലുണ്ടെന്നു തോന്നുന്നില്ല. വലിയ നെടുവീർപ്പോടെയായിരുന്നു കഴിഞ്ഞ രണ്ടു വർഷം മുൻപുവരെയുള്ള എല്ലാ വിശുദ്ധ വാരാചരണവും കടന്നു പൊയ്ക്കൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ, ആദിമക്രൈസ്തവ സമൂഹത്തേപ്പോലെ ഏക മനസ്സോടെ സ്വന്തം ഇടവക ദൈവാലയത്തിൽ ഓശാനയും പെസഹായും ദു:ഖവെള്ളിയും ദുഃഖശനിയും ഉയിർപ്പു തിരുനാളും ആഘോഷിച്ചതിന്റെ സന്തോഷത്തിലും ആത്മ നിറവിലുമാണ് ചിക്കാഗോയിലെ തിരുഹൃദയ ദൈവാലയത്തിൽ വരുന്നവർ.

ഓശാന ഞായറാഴ്ചത്തെ കുരുത്തോല പ്രദക്ഷിണത്തിലും, പെസഹാ വ്യാഴാഴ്ചയിലെ കാലുകഴുകൽ ശുശ്രൂഷയിലും എന്തുമാത്രം ഉത്സാഹത്തോടെ നാം ചെറുപ്പത്തിൽ നമ്മുടെ ഇടവക ദൈവാലയത്തിൽ പങ്കെടുത്തിരുന്നുവോ അതേ താല്പര്യത്തോടെ, അതിലേറെ സന്തോഷത്തോടെ, നമ്മുടെ കുഞ്ഞുങ്ങൾ സ്വന്തം ഇടവക പള്ളിയിലെ വിശുദ്ധവാര തിരുകർമ്മങ്ങളിൽ സംബന്ധിക്കുന്നതു കണ്ട് ഹൃദയം നിറഞ്ഞ് ദൈവത്തെ സ്തുതിച്ചുപോയി. ഞങ്ങളും ഞങ്ങളുടെ കുഞ്ഞുങ്ങളും നമ്മുടെ ഇടവക ദൈവാലയത്തിൽ അനുഭവിക്കുന്ന ആ സന്തോഷം വാക്കുകൾക്കതീതമാണ്. കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട് അവസാനത്തുള്ളി രക്തം വരെ നമുക്കായി ചിന്തിയ നമ്മുടെ സ്വന്തം തിരുഹൃദയത്തിന്റെയും പരിശുദ്ധ അമ്മയുടെയും കരുണാ കടാക്ഷം ധാരാളമായി ഇടവക പള്ളിയിൽ വരുന്നവരെല്ലാം അനുഭവിയ്ക്കുന്നുണ്ടെന്നുള്ളത് പരമമായൊരു സത്യമാണ്.

വിശുദ്ധവാര തിരുക്കർമ്മങ്ങളുടെ തുടക്കമായിരുന്ന ഓശാന ഞായറാഴ്ചത്തെ വിശുദ്ധ കുർബാനയിലും പള്ളിക്കു ചുറ്റിയുള്ള പ്രദക്ഷിണത്തിലും അതിനുശേഷം വാതിലിൽ മൂന്നുപ്രാവശ്യം മുട്ടിയുള്ള പ്രവേശനത്തിലും സംബന്ധിച്ചപ്പോൾ തിരിച്ചു കിട്ടിയത് നാട്ടിൽ ഇടവക ദൈവാലയത്തിലെ ഓശാനകളിൽ കിട്ടിയിരുന്ന അതേ സന്തോഷം തന്നെയായിരുന്നു. അൾത്താരയുടെ മുൻപിൽ ചുറ്റും കൂടിയിരുന്ന് നമ്മുടെ മക്കൾ എല്ലാവരും കുരുത്തോലയിൽ കുരിശുരൂപം മെനയുന്നത് ഗൃഹാതുരത്വം ഉളവാക്കുന്ന കാഴ്ചയായിരുന്നു.

പെസഹാ വ്യാഴാഴ്ചത്തെ കാലുകഴുകൽ ശുശ്രൂഷയിലും പരിശുദ്ധ കുർബാനയുടെ സ്ഥാപനത്തിരുനാളിലും കൊച്ചു കുട്ടികൾ മുതൽ മുതിർന്നവർ വരെ വളരെ കൗതുകത്തോടും അതിലേറെ ഭക്തിയോടും കൂടിയാണ് പങ്കെടുത്തത്. നാട്ടിൽ ഇടവക പള്ളികളിൽ ചെയ്യുന്നതുപോലെ തന്നെ ശുശ്രൂഷയ്ക്കൊടുവിൽ പരിശുദ്ധ കുർബാന സക്രാരിയിൽ നിന്നും പ്രദക്ഷിണമായി കൊണ്ടുപോയതും അൾത്താരയിലെ വിരിപ്പുകളും അലങ്കാരങ്ങളുമെല്ലാം മാറ്റിയതുമൊക്കെ ആബാലവൃദ്ധം ജനങ്ങൾക്കും പുതിയൊരനുഭവമായിരുന്നു. സ്കൂൾ ഹാളിൽ വച്ച് മുത്തോലത്തച്ചനും അപ്പച്ചന്മാരും ചേർന്ന് അപ്പം മുറിച്ച് എല്ലാവർക്കും കൊടുത്ത് സന്തോഷത്തോടും സംതൃപ്തിയോടും കൂടി എല്ലാവരും വീടുകളിലേയ്ക്ക് യാത്രയായി.

ദു:ഖവെള്ളിയാഴ്ച രാവിലെ 10 മണിക്കാരംഭിച്ച തിരുക്കർമ്മങ്ങൾ ഉച്ചകഴിഞ്ഞു രണ്ടുമണിവരെ നീണ്ടു നിന്നു. പ്രതികൂല കാലാവസ്ഥ മൂലം കുരിശിന്റെ വഴി ദൈവാലയത്തിനു പുറത്ത് നടത്താനായില്ലെങ്കിലും നമ്മുടെ അൾത്താര ശുശ്രൂഷികളുടെയും കുട്ടികളുടേയും സഹകരണത്തോടെ വളരെ ഭക്തിപൂർവ്വം പള്ളിയിൽ വച്ചു നഗരി കാണിക്കലും കുരിശിന്റെ വഴിയും ഏറെ വികാര നിർഭരമായിരുന്നു. നാട്ടിൽപോലും ചുരുക്കം ചില പള്ളികളിൽ മാത്രം കണ്ടു വരുന്ന "നഗരികാണി ക്കൽ" (നമ്മുടെ കർത്താവിന്റെ തിരുശ്ശരീരം പെട്ടിയിലാക്കിയുള്ള വിലാപയാത്ര) നമ്മുടെ ഇടവക പള്ളിയിലെ ദു:ഖവെള്ളിയാഴ്ചത്തെ തിരുക്കർമ്മങ്ങളിൽ പ്രധാനപ്പെട്ടതും പ്രത്യേകത നിറഞ്ഞതുമായിരുന്നു.

നമ്മുടെ കുഞ്ഞുങ്ങൾ ഈ തിരുകർമ്മങ്ങളിലെല്ലാം ഭക്തിയോടെ പങ്കെടുക്കുകയും കൈപ്പുനീരുവരെ കുടിക്കുകയും ചെയ്തത് എല്ലാവരേയും അത്ഭുതപ്പെടുത്തി. എല്ലാറ്റിനുമൊടുവിൽ നമ്മുടെ പ്രധാന അൾത്താരയിൽ തിരുശ്ശരീരം കബറടക്കം ചെയ്യുകയും ചെയ്തു. അങ്ങനെ വിശ്വാസികൾക്ക് പീഡാനുഭവം അതിന്റെ പൂർണ്ണതയിൽ അനുഭവിക്കാനായി. ദുഃഖ ശനിയാഴ്ചത്തെ തിരുക്കർമ്മങ്ങളിൽ പ്രധാനപ്പെട്ട "പുത്തൻ തീയും പുത്തൻ വെള്ളവും" എല്ലാം പഴമയുടെ മാധുര്യവും പുതുമയുടെ അനുഭവവും തന്നെയായിരുന്നു.

ബഹു. മുത്തോലത്തച്ചൻ കുട്ടികൾക്കായി ഇംഗ്ലീഷിലും മുതിർന്നവർക്കായി മലയാളത്തിലും ഓരോ തിരുക്കർമ്മത്തിന്റെയും അർത്ഥം വ്യാഖ്യാനിച്ചുകൊടുത്തത് വളരെ പ്രയോജനപ്രദമായിരുന്നു. ബഹു. ഞാഴിയംപാറയിലച്ചന്റെ ദു:ഖവെള്ളിയാഴ്ചത്തേയും ഉയിർപ്പു തിരുന്നാളിന്റെയും സന്ദേശങ്ങൾ വളരെ അർത്ഥവത്തും ഹൃദയസ്പർശിയുമായിരുന്നു. ഈസ്റ്ററിന്റെ തിരുക്കർമ്മങ്ങളെ തുടർന്ന് ഉയിർപ്പിന്റെ പ്രതീകമായ ഈസ്റ്റർ എഗ്ഗ് ഏറെ ആഹ്ലാദത്തോടെയാണ് നമ്മുടെ കുഞ്ഞുങ്ങൾ ഏറ്റുവാങ്ങിയത്.

*(Continued on page 5)*



Distribution of Easter Egg

# CANONIZATION OF SR. ALPHONSA - PILGRIMAGE DETAILS

## BATCH 1: Holy Land, Egypt, & Rome, 15 Days From Sept. 30- Oct. 14, 2008

**Day 01. Sept.30** Departure from Chicago to Tel Aviv.
**Day 02. Oct.1** Visit Biblical places: JOPPA, CAESAREA, NAZARETH, CANA.
**Day 03. Oct. 2** Visit TIBERIUS, Sea of Galilee, CAPERNAUM, TABGHA, Mount of Beatitides.
**Day 04. Oct. 3** Jordan River, MOUNT TABOR, JERICHO, Judean Hills, Inn of Good Samaritan, Tomb of Lazarus in Bethany. Overnight in Jerusalem.
**Day 5. Oct.4** JERUSALEM, Mount of Olives, Palm Sunday route, Garden of Gethsemane, Kidron Valley, Mount Zion, Room of the Last Supper, David's Tomb, Western Wall of Jerusalem, Dome of the Rock on the Temple Mount, St. Ann's Crusader Church, Ecce Homo, Antonia Fortress and the Holy Sculpchure.
**Day 6.Oct.5** NEW CITY OF JERUSALEM AND BETHLEHEM
**Day 7.Oct 6** Judean Wilderness, Dead Sea, St. George's Monastery, MASADA, Herod's palace, QUMRAN.
**Day 8.Oct. 7** Proceed from Jerusalem to Egypt via Arava boarder, Eilat to Taba Boarder.
**Day 9. Oct. 8** Mount Sinai, Monastery of Moses and Churches
**Day 10 /11. Oct. 9 /10** Museum, Citadel, Mosque, The Bazaar, Pyramids, Sphimx, Memphis, Sakara, Light & Sounds at the Pyramids back to Cairo. Optional Niles River dinner Cruise Overnight in Cairo.
**Day 12 Oct, 11** Cairo – Rome
**Day 13 Oct.12** Vatican - Canonization of Sr. Alphonsa. Churches of St. Mary Major, and St. John in Lantern
**Day 14 Oct. 13** Rome - Coliseum, Sistine Chapel, Trevi Fountain, Spanish Steps and City of Vatican
**Day 15.Oct.14**. Departure to U.S.A
Price per person $3,350

## BATCH 2: Rome, 5 Days From October 10 - 14, 2008

Join Batch 1 in Rome
Price per person $1,900.

For further details and reservation, please contact: Joy Chemmachel, John Elakkatt, or Gracy Vachachira.
Or visit www.knanayaregion.us

*(Continued from page 4)*

കർത്താവ് ഉയിർത്തെഴുന്നേറ്റു. അതെ അവിടുന്ന സത്യമായും ഉയിർത്തെഴുന്നേറ്റു. എന്ന് ഉയിർപ്പു ഞായറാഴ്ച ഇടവകാംഗങ്ങൾ പരസ്പരം പറഞ്ഞത് ഇന്നും ചെവിയിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. നല്ലൊരു ഗായകനായ ടോമിയച്ചന്റെയും നമ്മുടെ ഗായക സംഘത്തിന്റെയും ഗാനങ്ങൾ എല്ലാ ദിവസവും പ്രത്യേകിച്ച് ഉയിർപ്പു തിരുനാളിന് പ്രത്യേക മധുരിമ നല്കി.

**നമ്മുടെ കുഞ്ഞുങ്ങൾക്ക് അവരുടെ ഓർമ്മയിലെന്നും സൂക്ഷിക്കുവാൻ സാധിക്കുന്ന വിധം വിശുദ്ധവാര തിരുക്കർമ്മങ്ങൾ നടത്താനായത് സ്വന്തമായി ഇടവക ദൈവാലയം ഉള്ളതുകൊണ്ടു മാത്രമാണ്. ഞങ്ങൾക്കും ഞങ്ങളുടെ കുഞ്ഞുങ്ങൾക്കും ലഭ്യമായ ഈ വലിയ അനുഗ്രഹം ഈ പ്രവാസി നാട്ടിലുള്ള എല്ലാ ക്നാനായ കുടുംബങ്ങൾക്കും ലഭിക്കണമെന്നുള്ളതാണ് ഞങ്ങളുടെ ആഗ്രഹവും പ്രാർത്ഥനയും.**

"വിശുദ്ധ കുർബാനയുടെ പാപ്പാ"എന്നറിയപ്പെട്ടിരുന്ന വി. പത്താം പീയൂസ് മാർപ്പാപ്പയുടെ പ്രത്യേക സ്നേഹത്താലും പരിലാളനയാലും കോട്ടയം രൂപതാംഗങ്ങളായി മാറിയ നാം ആ സ്നേഹ പിതാവിനോട് എന്നും കടപ്പെട്ടിരിക്കുന്നു. വി. കുർബാനയെ അത്രയധികം സ്നേഹിച്ച ആ പിതാവ് വടക്കേ അമേരിക്കയിലെ നമ്മുടെ സ്വന്തം ക്നാനായ ഇടവകയേയും ഇടവകാംഗങ്ങളേയും അനുഗ്രഹങ്ങൾകൊണ്ട് ഇനിയും ഇനിയും ധന്യമാക്കട്ടെ.

ഇടവക ദൈവാലയങ്ങൾ സ്ഥാപിക്കുവാൻ വിമുഖത പ്രകടിപ്പിക്കുന്ന വടക്കേ അമേരിക്കയിലെ ക്നാനായ സഹോദരങ്ങൾക്കായി വി. കുർബാനയെ ജീവിതത്തിന്റെ ശക്തി കേന്ദ്രമായി കണ്ട, കോട്ടയം രൂപതയുടെ രണ്ടാമത്തെ മദ്ധ്യസ്ഥനായ വി. പത്താം പീയൂസിന്റെ മാദ്ധ്യസ്ഥം നമുക്ക് അപേക്ഷിക്കാം. ഒപ്പം കത്തോലിക്കരെന്നു വാക്കിൽ മാത്രം പറയാതെ, നമുക്ക് സഭയോടും സഭാധികാരികളോടും സ്നേഹത്തിലും വിധേയത്വത്തിലും കഴിഞ്ഞുകൊണ്ട്, നമ്മുടെയും നമ്മുടെ കുഞ്ഞുങ്ങളുടേയും ആത്മീയ ഭാവി സുരക്ഷിതമാക്കുവാൻ പ്രയത്നിക്കാം.

**നിത്യവും നമ്മോടുകൂടി വാഴുവാൻ അപ്പത്തിന്റെ രൂപത്തിൽ മാറിയ പരിശുദ്ധ പരമ ദിവ്യകാരുണ്യത്തെ കമ്മ്യൂണിറ്റി സെന്ററുകളിൽ സൂക്ഷിക്കാതെ, ഇടവക ദൈവാലയങ്ങൾ നിർമ്മിച്ച് അർഹിക്കുന്ന ആദരവോടെ ദിവ്യസക്രാരികളിൽ സൂക്ഷിച്ചാരാധിക്കുവാനും അതിലൂടെ വലിയ കൃപ നേടുവാനും വടക്കേ അമേരിക്കയിലുടനീളമുള്ള ക്നാനായ സഹോദരങ്ങൾക്കാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. കമ്മ്യൂണിറ്റി സെന്ററുകളിലെ സ്റ്റേജുകൾ എത്ര അലങ്കരിച്ചാലും സ്വർഗ്ഗീയ ജറുസലേമിനെ പ്രതിനിധാനം ചെയ്യുന്ന ദൈവാലയത്തിലെ തിരു അൾത്താരയ്ക്കു തുല്യമാകില്ലെന്നുള്ള തിരിച്ചറിവുണ്ടാകുവാൻ നാമിനിയും വൈകിക്കൂടാ.**

ഷിക്കാഗോ സേക്രഡ് ഹാർട്ട് ക്നാനായ ഇടവകയുടെ
ധനശേഖരണാർത്ഥം 2008 ജൂൺ 7 ശനിയാഴ്ച വൈകുന്നേരം
6:00 ന് ഷിക്കാഗോ ഗേറ്റ്‌വേ തിയേറ്ററി ൽഅവതരിപ്പിക്കുന്നു:
(5216 W Lawrence Ave, Chicago, IL 60630)

## മണികിലുക്കം 2008

Please contact
Shiju Cheriyathil /
Binu Poothurayil
to become proud sponsor of this program.



### ദാനം ചെയ്തു നികുതി ഇളവു നേടൂ

നിങ്ങളുടെ ഉപയോഗിച്ച പഴകിയ വാഹനങ്ങൾ ഒഴിവാക്കുവാൻ ആഗ്രഹിക്കുമ്പോൾ അവ ഇടവകയുടെ പേരിലോ, അഗാപ്പെ മൂവ്മെന്റിന്റെ പേരിലോ സംഭാവന ചെയ്യുക. വാഹനങ്ങളുടെ നിയമാനുസൃത വിലയ്ക്കനുസരിച്ച് രസീത് ഐ.ആർ.എസിനു വേണ്ടി നല്കുന്നതാണ്. വാഹനം സംഭാവന ചെയ്യുവാൻ തയ്യാറാകുമ്പോൾ ഈ പദ്ധതിയുടെ കോർഡിനേറ്റേഴ്സായ ജോയി ചെമ്മാച്ചേലോ സണ്ണി തെക്കേപ്പറമ്പിലോ ആയി ബന്ധപ്പെടുക.

SACRED HEART KNANAYA CATHOLIC PARISH

## MARRIAGE PREPARATION COURSE

**Dates: April 11th 6:00 P.M. to 13th 6:00 P.M.**
**Coordinator: Tonny Pullappally (630) 205-5078**
**Register Early to ensure your admission.**

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
**ഉപകാര സ്മരണ**



\- എബ്രാഹം പൂതത്തിൽ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
**ഉപകാര സ്മരണ**



\- എബ്രാഹം പൂതത്തിൽ

## Weekly Offering

© J. S. Paluch Co., Inc.

*March 30*

| | |
|---|---|
| St. Mary's Unit Regular Offering | 132.00 |
| St. Mary's Unit Cathedral Offering | 94.00 |
| **TOTAL AT ST. MARY'S UNIT** | **226.00** |
| S.H. Church Regular Offering | 1,764.08 |
| English Mass Offering | 113.00 |
| Building Fund - Youth Center | 1,650.00 |
| Children Piggy Bank for Building Fund | 173.41 |
| Women Food (Skokie & Lincolnwood) | 322.00 |
| Cathedral Offering | 3,322.00 |
| Agape Store (For Charity) | 73.00 |
| **TOTAL AT SACRED HEART** | **7,417.49** |

## WEDDING BANNS

© J. S. Paluch Co., Inc.

Shino son of Thomas and Mary Valliyodath (Thadiyampad), Chicago with Saimol daughter of Joseph (Simon) and Lilly Vadakkekara (Poozhikol), Chicago to be held on April 13, 2008. (2/3).



## Ushers at Sacred Heart

| April 6 | April 13 |
|---|---|
| **Malayalam Mass**<br>Aniena Sunny<br>Sindu Sunny<br>Vinitha Padinjath<br>Nirmal Maniparambil | **Malayalam Mass**<br>Abeena Karikkal<br>Nirmal Maniparambil<br>Soumya Kulathilkarottu<br>Kichu Maliackalthara |
| **English Mass**<br>Aleta Varakalayil<br>Kevin Thottichira | **English Mass**<br>Jeffin Chakkalakal<br>Leo Mundaplackal |

## READERS / LECTORS ഉയിർപ്പുകാലം

| April 6 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Acts 2:14, 22-33 | George Thotapurram | Jerryn Poothakkary | Jintu Muriparampil |
| 2nd Reading | 1 Peter 1:17-21 | Jigi Kattapuram | Sanju Santhosh | Angela Appozhiparampil |
| April 13 | | | | |
| 1st Reading | Acts 2:14a, 36-41 | Shinu Muprapalil | Tobin Poothakary | Manju Manappally |
| 2nd Reading | 1 Peter 2:20b-25 | Saji Erappurathu | Gerrin Chathampadam | Steve Tharathattel |

## UPCOMING EVENTS

April 11 - 13 Marriage Preparation Course
April 26 First Confession and Rehearsal of First Communion Students in Maywood.
May 1 First Confession and Rehearsal of First Communion Students of St. Mary's Unit at Community Center.
May 3 First Communion and Chrismation at Maywood at 4:00 P.M.
May 4 First Communion and Chrismation of St. Mary's Unit at OLV Church 4:00 P.M. followed by dinner at White Eagle.
May 11 Last Day of Religious Education Schools.
May 18 Feast Celebration of St. John Nepumcian at Maywood at 10:00 A.M.
May 23 Solemn Feast of Sacred Heart at Maywood. Bishop Angadiath is main celebrant.
May 24 Feast of Sacred Heart from 6:30 P.m.
May 25 Feast of Sacred Heart from 10:00 A.M.

*(Please check with our parish to avoid conflicting programs)*

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
**ഉപകാര സ്മരണ**



- എബ്രാഹം ചാക്കോ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
**ഉപകാര സ്മരണ**



- എബ്രാഹം പൂതത്തിൽ

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
**ഉപകാര സ്മരണ**



- ഒരു വിശ്വാസി

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
**ഉപകാര സ്മരണ**



എബ്രാഹം പൂതത്തിൽ

**Gaanam**
**Videos & Photos**
**Edukkutharayil**
**Professional Touch with Latest Technology.**







*ANIL*
*Cell: 630-202-5969*
*Res: 847-827-7827*

*Best compliments from* *The Mutholath Family*

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463
9518 W. 179th Street, Tinley Park, IL 60487
(708) 489 6PRS
*www.pro-rehabservices.com*

**Choicecare Home Health, Inc.**
**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

**COMPUTER SERVICE & SUPPORT**
***Home/Office service & Network***
*CALL FOR DETAILS*
Saju Chemmalakuzhy
Cell.224-392-0687
Sajuchemmala-kuzhy@gmail.com
***MS Certified since 1997***

**Professional with 11 years experience in catering.**

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

Call
**WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

*We put our money where our mouth is*



Free Refinancing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com
ക്രെഡിറ്റ് ഇല്ലേ ... സാരമില്ലാ
ക്രെഡിറ്റ് മോശം ... സാരമില്ലാ
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണം...
ഉടൻ വിളിക്കൂ (847) 814-3949

COLDWELL BANKER



**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: **Zachariah Chacko (Zach)**
(A Friendly Realtor)
**Find out how much your dream home is worth today?**
**4632 W. Church St., Skokie, IL 60076**
**(847) 677-1200 (Business)**
**(847) 551-7386 (Pager)**
**(847) 374-5031 (Voice Mail)**
EQUAL HOUSING LENDER

**ROYAL TRAVEL SERVICE**
**3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625**
**TEL: (773) 509-9600, FAX: (773) 509-1196**
***KUWAIT AIRWAYS * AIR INDIA * MALAYSIAN * SWISS AIR * BRITISH AIRWAYS * LUFTHANSA AIR FRANCE * KLM * SINGAPORE AIR, ETC.,**
**YOUR KNANAYA TRAVEL AGENCY**
**CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU**

**Greetings to Knanaya Catholic Parish Chicago**



SERVING THE MALAYALEE COMMUNITY SINCE 1982

Personal Injury • Wrongful Death • Medical Negligence • Car Accidents • Slip and Fall • Work Injuries

*Your Call is Always Welcome*

**Attorney Steve Crifase**

**312-855-0511**

8 South Michigan, Suite 2000, Chicago, Illinois 60603

*Dupage County Office and Home Visits Available*

**ST. MICHAEL'S TOWING**
24 HOUR ROADSIDE ASSISTANCE
1-866-JOE-4-TOW

**POWER WASH** 847-568-1500
4002 W. Chicago, IL
7736 W. Dempster, Morton Grove, IL

JOY CHEMMACHEL
312-560-1600



CLARK · Shell · Gas DEPOT · MARATHON · CITGO

Gasoline distribution throughout the Midwest

**Your KNANAYA Gasoline Jobber**
**Gas Depot Oil Co.**
IL 60053
847-581-0303 (Off)
847-581-0309 (Fax)
**www.gasdepot.com**

**Cottage Hill** Real Estate, Inc.

Delivering more than we promise!!



George Mathews
Realtor

Cell 630.935.0328
Office 630.758.0540
Fax 630.758.0530

109 S. Adell Place
Elmhurst, IL 60126

Email: gmathews@cottagehill.info

GABRIEL RUIZ
Cell (773) 301-9021
Bus (773) 728-9581
Fax (773) 293-4091

UNILOCK Authorized Contractor

**PARVIADOS**
Complete Landscaping Service

**Royal Maids L.L.C.**

We make it sparkling clean

**Malayalee Family Owned and Operated**

**Free Estimate: 847-676-2300**

4901 Oakton St., Skokie, IL 60076
Fax: 847-676-2303
Cell: 847-687-2151

E-mail: sparklinghomes@comcast.net

**LINCOLNWOOD MORTGAGE SERVICES, INC.**



4039 W. Main St., Skokie, IL 60076
**Phone: 847-674-1600**
**Fax: 847-674-1608**
*For all your Mortgage Services*
**Please contact: Benny Kuriakose (Kanjiraparayil)**
Phone: 847.583.1245, Pager: 773.258.1301.
**PURCHASE, REFINANCES, FIXED, ADJUSTABLE**
**We offer fast approvals**

*Home dream home !*
*To fulfill your sweet dream call today & experience the difference !*

Shaji Nirappil
Cell: (630)886-1044
Office: (630)539-7076
Fax: (630)833-6747
shajinirappil@hotmail.com



Avian Realty
Serving You More For Less

MLS

**SPACE AVAILABLE FOR YOUR ADVERTISEMENT**

CITYWIDE JMW REALTY INC.



**4313 W. Irwing Park, Chicago, IL 60641**

**ALEX MULLAPPALLIL**
REALTOR CONSULTANT

Tel: 773-286-6200 * Cell: 847-208-6657
Res: 847-679-9431 * Fax: 773-286-9516

Specializing in: Gas Stations, Investments, Commercial, & Residential.

**For your Individual Income tax preparation**
**H&R BLOCK** tax, mortgage and financial services

Mathadas Zachariah
Tax Specialist 3



**Cell :( 847) 436-4330**

Western Plaza 6212 N. Western Avenue
Chicago, IL 60659
Tel 773 973 4288 Fax 773 973 0166

District Office Year Round Service
4931 W. Irving Park Road Chicago, IL 60641
Tel 773 545 2734 Fax 773 545 0829 hrblock.com

**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**



**TOMY NELLAMATTAM**
619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell)
847-724-3247 (Fax)



**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

**7215 W. Touhy, Suite 5, Chicago, IL 60631.**
**Office: 773-792-2117, 312-718-6337 Cell**
**Fax: 773-792-2118, jaibu6@aol.com**

*** Free Electronic Filing ***
*** Refund in 24 Hours ***

**CitizensBank&Trust**
5700 N. Central Ave. Chicago, IL 60646

**YOUR COMMUNITY BANK!**
**WE ARE HERE FOR ALL YOUR NEEDS!**
***Commercial * Residential * Investments***

ANNA G. LES
ASSISTANT VICE PRESIDENT
Main: 773.763.6200
Email: annales@cbtoc.com

FDIC FEDERAL DEPOSIT INSURANCE CORPORATION
EQUAL HOUSING LENDER

**FAMILY DENTAL Practice**

• Most Insurance accepted
• Free Consultation
• Emergencies promptly treated



Dr. Susan Edukutharayil, B.D.S., D.D.S.
(University of Illinois graduate) Practicing Dentistry in Chicago land area for the past 12 years !!!

Comprehensive Family & Cosmetic Dentistry
ORTHODONTICS (BRACES & INVISALIGN)
for children and Adults
DISCOUNTS available for every one
**MAJOR DISCOUNTS**
For patients WITHOUT insurance

9709 N. Milwaukee Ave., Glenview, IL 60025
(Northwest Corner of Milwaukee & Greenwood)
Office: (847) 581-1418 Fax: ( 847) 581-1445
Emergency: (630) 674-6201 Home: (630) 674-6207